പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3596 — 19.02.2013 ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.ഇ.കെ.വിജയൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) ഗാഡ്ഗിൽ റിപ്പോർട്ടിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കാവുന്ന നിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടികളുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(എ) 1. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ അടങ്ങുന്ന വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന്റെയും, ഗാഡ്ഗിൽ സമിതി ശുപാർശകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നതതല പ്രവർത്തനസമിതിയുടെയും പരിഗണനയ്ക്കായി സമർപ്പിച്ചു.

2.സമിതിയംഗങ്ങളുമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും 19.01.2013 ൽ ചർച്ച നടത്തി. സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ അറിയിക്കുകയും, പ്രതിലോമ ശുപാർശകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

3. ഗാഡ്ഗിൽ ശുപാർശകളുടെ മുഖ്യവശങ്ങളെപ്പറ്റി, ശ്രീ.കസ്തൂരിരംഗൻ കമ്മിറ്റിയുമായി, ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ വിശദമായി ചർച്ച ചെയ്തു. സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ പരിഗണിക്കേണ്ട സാഹചര്യങ്ങൾ വിശദമാക്കി.

4. ഗാഡ്ഗിൽ ശുപാർശകൾ പുന:പരിശോധിക്കണമെന്ന് ഒരു സർവ്വകക്ഷി നിവേദകസംഘം, കസ്തൂരിരംഗൻ സമിതിയെ സന്ദർശിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ട്. മൂന്ന് പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണത്തിൽ പരാതിക്കാരന് മറുപടി നൽകുകയും മറ്റുള്ളവ ഉന്നതതല പ്രവർത്തന സമിതിയുടെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഡോ.കസ്തൂരിരംഗൻ സമിതി ഇടുക്കി, വയനാട് ജില്ലകൾ സന്ദർശിക്കണമെന്ന പൊതുആവശ്യപ്രകാരം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ; എങ്കിൽ സന്ദർശനവേളയിൽ പൊതുജനങ്ങളുടെയും വിവിധ കർഷക സംഘടനകളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; | (സി) | ഇടുക്കി ജില്ലയിൽ സന്ദർശനം നടത്താമെന്ന് ഉന്നതതല സമിതി സമ്മതിച്ചിട്ടുണ്ട്. സന്ദർശനം നടത്തിയിട്ടില്ല. |
| (ഡി) | ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | സമിതി കേന്ദ്ര സർക്കാരിനാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. സമിതിയുടെ കാലാവധി 16.02.2013 ലാണ് അവസാനിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ